## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .53 | 28-11-2018 -ൽ മറുപടിക്ക്

## പ്രളയ ദുരിതാശ്വാസം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.സി.ജോസഫ്** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | സമീപ കാലത്ത് ഉണ്ടായ പ്രളയത്തെ തുടർന്ന് സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ച ദുരിതാശ്വാസ നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; | എ) & ബി) | കേരളം നേരിട്ട ഏറ്റവും വലിയ പ്രകൃതിദുരന്തത്തെതുടർന്ന് വെള്ളപ്പൊക്കത്തിലും ഉരുൾ പൊട്ടലിലും മണ്ണിടിച്ചിലിലും പെട്ട് ലക്ഷക്കണക്കിന് ജനങ്ങളുടെ ജീവിതം അതീവ ദുരിതത്തിലായി. നിരവധിപേർ മരണപ്പെട്ടു. വീടുകളും കൃഷിയിടങ്ങളും വളർത്തുമൃഗങ്ങളും വാഹനങ്ങളും ജീവനോപാധികളും വ്യാപാരസ്ഥാപനങ്ങളും വിദ്യാലയങ്ങളും ആശുപത്രികളും റോഡുകളും പാലങ്ങളും ദുരന്തത്തിനിരയായി. സംസ്ഥാനത്താകെ 5645 ദുരിതാശ്വാസ ക്യാമ്പുകളാണ് പ്രവർത്തിച്ചത്.<br>• ദുരിതാശ്വാസ ക്യാമ്പിൽ കഴിഞ്ഞവരാണോ അല്ലയോ എന്ന പരിഗണന ഇല്ലാതെതന്നെ 48 മണിക്കൂറിലധികം വെള്ളം കെട്ടിനിന്ന എല്ലാ കുടുംബങ്ങൾക്കും 10,000 രൂപ വീതം അനുവദിച്ചു. 6,80,000 (ആറുലക്ഷത്തി എൺപതിനായിരം) പേർക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചത്.<br>• മരണമടഞ്ഞ 435 പേരുടെ ആശ്രിതർക്കാണ് നാലു ലക്ഷം രൂപ വീതം അനുവദിച്ചത്. അതിൽ അനന്തരാവകാശ രേഖകൾ സമർപ്പിച്ച 389 കുടുംബങ്ങൾക്കായി 15.56 കോടി രൂപ നൽകിയിട്ടുണ്ട്.<br>• 500 രൂപ വില വരുന്ന ഭക്ഷ്യവസ്തുക്കളുടെ കിറ്റ് ദുരിതാശ്വാസ ക്യാമ്പിൽനിന്ന് മടങ്ങുമ്പോൾ |
| ബി) | ഇതിനോടകം എന്തെല്ലാം സഹായങ്ങൾ നൽകിയെന്ന് വിശദമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കിയിരുന്നു. ഇതിനു പുറമെ, ഡിസംബർ 31 വരെ ദുരന്തബാധിതരായ പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കും, സ്ത്രീകൾ മാത്രമുള്ള കുടുംബങ്ങൾക്കും ഭക്ഷ്യവസ്തുക്കളുടെ കിറ്റ് നൽകി വരുന്നു. 23.11.2018 വരെ 3,26,048 കുടുംബങ്ങൾക്കായി 16.30 കോടി രൂപ വിലവരുന്ന കിറ്റുകൾ വിതരണം ചെയ്തു.<br><br>● ദുരന്തത്തിൽ തകർന്ന വീടുകൾക്ക് ഉണ്ടായിട്ടുള്ള നാശ നഷ്ടത്തിന്റെ തോത് കുറഞ്ഞത് 15%, 16-29%, 30-59%, 60-74%, 75%ന് മേലെ എന്നിങ്ങനെ തരം തിരിച്ചാണ് ധനസഹായം അനുവദിക്കുന്നത്. ഓരോ വിഭാഗത്തിലും ധനസഹായ നിരക്കുകൾ യഥാക്രമം 10,000/- രൂപ, 60,000/- രൂപ, 1,25,000/- രൂപ, 2,50,000/- രൂപ, 4,00,000 രൂപ എന്നിങ്ങനെയായി Minimum Relief Code നിർണ്ണയിച്ചിട്ടുണ്ട്.<br><br>● പൂർണ്ണമായും തകർന്നതോ 75 ശതമാനത്തിലധികം നാശനഷ്ടം സംഭവിച്ചതോ ആയ വാസയോഗ്യ മല്ലാത്ത വീടുകൾക്ക്, സ്വന്തമായി വീട് നിർമ്മിച്ചുകൊള്ളാമെന്ന വ്യവ സ്ഥയിൽ നാലുലക്ഷം രൂപ വീതം നൽകാനാണ് വ്യവസ്ഥ ചെയ്തത്. അതിൽ 4635 കുടുംബങ്ങൾക്ക് ആദ്യ ഗഡു നൽകിക്കഴിഞ്ഞു. ഇതിന് പുറമെ ഭാഗികമായി വീട് തകർന്ന 1956 കുടുംബങ്ങൾക്ക് ആദ്യ ഗഡു നൽകി. ആകെ 39 കോടി രൂപയാണ് രണ്ടും ചേർത്ത് നൽകിയത്.<br><br>● കൃഷിയും കന്നുകാലി വളർത്തലും ഉപജീവനമാർഗമായി കഴിഞ്ഞ നിരവധിപേരെ സഹായിക്കുന്നതിന് സന്നദ്ധ സംഘടനകൾ മുന്നോട്ടുവന്നു. ദുരന്ത പ്രതികരണ നിധിയിൽ നിന്ന് ഇതിനകം 49 കോടി രൂപ സഹായം നൽകി.<br><br>● ജീവനോപാധി നഷ്ടപ്പെട്ട വർക്ക് RKLS (Resurgent Kerala Loans Scheme) സഹായപദ്ധതി, കുടുംബശ്രീ മുഖേന ഒരുലക്ഷം രൂപ വരെ വായ്പ ലഭ്യമാക്കുകയുണ്ടായി. ഈ വായ്പയുടെ 9% പലിശ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് നൽകും. ഇതുവരെ 38,441 പേർക്ക് 308.8 കോടി രൂപ അനുവദിച്ചു. |

| | | | |
|---|---|---|---|
| | | | • പ്രളയത്തിൽ രേഖകൾ നഷ്ടപ്പെട്ടവർക്ക് സമയ ബന്ധിതമായി, സൗജന്യമായി രേഖകൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു<br>• ശുചീകരണ പ്രവർത്തനങ്ങൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് വാർഡൊന്നിന് 25,000 രൂപയും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ വാർഡൊന്നിന് 50,000 രൂപയും അനുവദിച്ചു.<br>• പ്ലാന്റേഷൻ മേഖലയിൽ തൊഴിലുകളിൽ കുറവുണ്ടായത് കണക്കിലെടുത്ത് മുഴുവൻ തോട്ടം തൊഴിലാളികൾക്കും സൗജന്യ റേഷൻ ലഭ്യമാക്കി. മുൻഗണനേതര വിഭാഗങ്ങൾക്ക് ഡിസംബർ വരെ സൗജന്യമായി അഞ്ചു കിലോ അരി നൽകുവാൻ തീരുമാനിച്ചു<br>• പ്രളയാനന്തര ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും 564.94 കോടി രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് 688.48 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| സി) | ദുരിതാശ്വാസനിധിയിലേക്ക് ഇതിനോടകം ആകെ എത്ര തുക സംഭാവനയായി ലഭിച്ചുവെന്ന് അറിയിക്കുമോ? | സി) | 27.11.2018 വരെയുള്ള കണക്ക് പ്രകാരം 2683.18 കോടി രൂപ ലഭ്യമായിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ